# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 30/09/ 2020

## കോവിഡ് വ്യാപനം - നിരീക്ഷണം ശക്തമാക്കി സിറ്റി പോലീസ്

കൊല്ലം സിറ്റി പോലീസ് പരിധിയിൽ കോവിഡ് വ്യാപനം ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ ശക്തമായ നടപടികളുമായി സിറ്റി പോലീസ്. തീരദേശ മേഖലയിലടക്കം വിവിധ വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, വിവാഹ ചടങ്ങുകൾ, മരണ വീടുകൾ മറ്റ് സ്വകാര്യ ചടങ്ങുകൾ എന്നിവയിൽ ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ. റ്റി ഐ.പി.എസ്സ് അറിയിച്ചു. ആൾക്കൂട്ടം പരമാവധി ഒഴിവാക്കുന്നതിന് പൊതു സമൂഹം പോലീസിനോട് സഹകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ചതിന് കഴിഞ്ഞ ഒരാഴ്ചയ്ക്കിടയിൽ 1605 കേസുകളും മാസ്ക് ധരിക്കാതിരുന്നതിന് 2522 പേർക്കെതിരേയും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും ഇത്തരത്തിൽ കേസുകൾ പെരുകുന്നത് നിരാശജനകവും ആശങ്കപ്പെടുത്തുന്നതുമാണെന്നും സിറ്റി പോലീസ് കമ്മീഷണർ. കൂടാതെ ഇക്കഴിഞ്ഞ ദിവസങ്ങളിൽ സിറ്റി പോലീസ് പരിധിയിൽ വിവാഹം, മരണാനന്തര ചടങ്ങുകൾ, വീട് പാല്കാച്ചൽ തുടങ്ങിയവയിൽ സംബന്ധിച്ച ആളുകൾക്ക് കോവിഡ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ഇത്തരം ചടങ്ങുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രം ആളുകളെ പങ്കെടുപ്പിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണെന്നും തുടർന്നുള്ള ദിവസങ്ങളിൽ ഈക്കാര്യങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള നിയമ ലംഘനങ്ങൾ ഉണ്ടായാൽ പോലീസിന്റെ ഭാഗത്ത് നിന്നും ഗൗരവരതരമായ നടപടികൾ ഉണ്ടാകുമെന്നും പോലീസിനോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.